# ലേബർ കമ്മീഷണറുടെ നടപടിക്രമം

(സാന്നിദ്ധ്യം:എ അലക്സാണ്ടർ.ഐ.എ.എസ്)

വിഷയം: തൊഴിൽ വകുപ്പ് – സ്ഥാപനകാര്യം – അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നൽകി ഉത്തരവാകുന്നു.

വായന:
1. 21/07/2017 തീയതിയിലെ എൽ ബി ആർ ഡി-ഡി3/186/2017-എൽ ബി ആർ ഡി നമ്പർ സർക്കാർ കത്ത്
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07/08/2017 തീയതിയിലെ OA No 1536/17 നമ്പർ ഉത്തരവ്
3. ബഹു.കേരള ഹൈക്കോടതിയുടെ 20/06/2008 തീയതിയിലെ ഡബ്ല്യൂ.പി.സി.നമ്പർ 2106/2006(എ) ഉത്തരവ്
4. കോഴിക്കോട് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ 16/04/2018 തീയതിയിലെ ബി1/1151/2018 നമ്പർ കത്ത്.
5. സീനീയർ ക്ലാർക്ക് ശ്രീ കെ.ആർ സനിൽകുമാർ സമർപ്പിച്ച 26/04/2018 തീയതിയിലെ അഫിഡവിറ്റ്

---

**ഉത്തരവ് നമ്പർ ഇ(4) 357/18** **തിരുവനന്തപുരം,തീയതി:03/05/2018**

---

അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിൽ 6 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി വായന(1) കത്തിലെ സർക്കാർ നിർദ്ദേശ പ്രകാരം പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി ഒഴിവുകളിൽ പി.എസ്.സി അഡ്വൈസ് ചെയ്യുന്നത് വായന(2) ഉത്തരവിലൂടെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിട്ടുണ്ട്. വായന(4) പ്രകാരം കോഴിക്കോട് മൂന്നാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ ശ്രീമതി.അപർണ്ണ സി.എ പ്രസവാവധിയിൽ പ്രവേശിച്ചതുവഴി ഉണ്ടായ ഒരു ഒഴിവ് ഉൾപ്പെടെ 7 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. 7 ഒഴിവുകളിൽ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്ത ആറ് ഒഴിവ് മാറ്റി നിർത്തി ഒരു ഒഴിവിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനം വഴി സ്ഥാനകയറ്റം നൽകുന്ന കാര്യം പരിശോധിക്കുകയും, ടി ഒഴിവിലേയ്ക്ക് വായന(3) ഉത്തരവ് പ്രകാരം താത്കാലിക സ്ഥാനകയറ്റം നൽകണമെന്ന് വായന(5) പ്രകാരം വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീ കെ.ആർ സനിൽകുമാർ അപേക്ഷിക്കുകയും അഫിഡവിറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള 6 ഒഴിവുകളിൽ പി.എസ്.സി അഡ്വൈസ് ചെയ്യുമ്പോൾ ഇപ്പോൾ താത്ക്കാലിക സ്ഥാനകയറ്റം നൽകുന്നവർ ജൂനിയറായിരിക്കുകയും ഈ ഒഴിവിൽ പി.എസ്.സി അഡ്വൈസ് ചെയ്യുമ്പോൾ ഒഴിവില്ലാത്ത പക്ഷം സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്യും എന്ന വ്യവസ്ഥ അംഗീകരിച്ചു കൊണ്ട് സീനിയർ ക്ലാർക്ക് ശ്രീ കെ.ആർ സനിൽകുമാർ വായന (5) പ്രകാരം സമർപ്പിച്ച അഫിഡവിറ്റ് പ്രകാരവും വായന(3) ഉത്തരവ് പ്രകാരവും, എക്സിക്യൂട്ടീവ് വിഭാഗം തെരഞ്ഞെടുത്തിട്ടുള്ള സീനിയർ ക്ലാർക്കുമാരിൽ സീനിയറായ ശ്രീ കെ.ആർ സനിൽകുമാറിന് താൽകാലിക സ്ഥാനക്കയറ്റവും, ഭരണ സൗകര്യാർത്ഥം സ്ഥലംമാറ്റവും അനുവദിച്ച് ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുന്നു.

| സ്ഥലംമാറ്റം | | | |
|---|---|---|---|
| ക്രമ നം | പേര്,തസ്തിക, നിലവിലെ ഓഫീസ് | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ഓഫീസ് | റിമാർക്സ് |
| 1 | ശ്രീ.സി.സുരേഷ്കുമാർ<br>അസിസ്റ്റന്റ് ലേബർ ഓഫീസർ<br>നെയ്യാറ്റിൻകര | അസിസ്റ്റന്റ് ലേബർ ഓഫീസ്<br>പുതുപ്പള്ളി | ഭരണസൗകര്യാർത്ഥം |
| 2 | ശ്രീ. കുരുവിള ജോൺ<br>അസിസ്റ്റന്റ് ലേബർ ഓഫീസർ<br>പുതുപ്പള്ളി | അസിസ്റ്റന്റ് ലേബർ ഓഫീസ്<br>നെയ്യാറ്റിൻകര | ഭരണസൗകര്യാർത്ഥം |

| സ്ഥാനകയറ്റം | | | |
|---|---|---|---|
| ക്രമ നം | പേര്,തസ്തിക, നിലവിലെ ഓഫീസ് | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന ഓഫീസ് | റിമാർക്സ് |
| 1 | ശ്രീ.സനിൽകുമാർ.കെ.ആർ<br>സീനിയർ ക്ലാർക്ക്<br>ഇന്റസ്ട്രിയൽ ട്രൈബ്യൂണൽ<br>തിരുവനന്തപുരം | അസിസ്റ്റന്റ് ലേബർ ഓഫീസ്<br>ഇരിങ്ങാലക്കുട | ഇരിങ്ങാലക്കുട അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II ശ്രീമതി.സീനത്ത്.ടി.കെ യ്ക്ക് അന്യത്രസേവനം അനുവദിച്ച ഒഴിവിൽ നിയമിക്കുന്നു. |

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ആവശ്യമായ ചുമതലാക്രമീകരണം നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
ലേബർ കമ്മീഷണർ

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ്/ഇ-മെയിൽമുഖാന്തിരം)

പകർപ്പ്:
1) അഡീഷണൽ ലേബർ കമ്മീഷണർ(ഇ, ഐ.ആർ, ഡബ്ല്യു)
2) ലേബർ കമ്മീഷണറുടെ പി.എ
3) ജോയിന്റ് ലേബർ കമ്മീഷണർ (പി.)
4) ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
5) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ,കൊല്ലം,എറണാകുളം, കോഴിക്കോട്,
7) ജില്ലാ ലേബർ ഓഫീസർ, തിരുവനന്തപുരം,കോഴിക്കോട്, കോട്ടയം, തൃശൂർ
8) അസിസ്റ്റന്റ് ലേബർ ഓഫീസർ,ഇരിങ്ങാലക്കുട,പുതുപ്പള്ളി, നെയ്യാറ്റിൻകര
9) ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, തിരുവനന്തപുരം
10) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
11) സീനിയർ സൂപ്രണ്ട് (ഇ )
12) വെബ്സൈറ്റ്/ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സീനിയർസൂപ്രണ്ട് (ഇ)